# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2436** — **18-02-2016 ൽ മറുപടിയ്ക്ക്.**

## കാസർകോട് ജില്ലയിലെ പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എൻ.എ.നെല്ലിക്കുന്ന് | | ശ്രീ. പി.ജെ. ജോസഫ്<br>(ബഹു. ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാസർകോട് ജില്ലയിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ നടത്തിയ പദ്ധതികളുടേയും ചെലവാക്കിയ തുകയുടേയും കണക്ക് മണ്ഡലം തിരിച്ച് വിശദീകരിക്കാമോ; | (എ) | **കേരള ജല അതോറിറ്റി**<br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാസർകോട് ജില്ലയിൽ കേരള ജല അതോറിറ്റി മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ **അനുബന്ധം-I** ആയി ചേർത്തിരിക്കുന്നു.<br>**ജലസേചന വകുപ്പ്**<br>ജലസേചന വകുപ്പിന്റെ കീഴിൽ നടത്തിയ പദ്ധതികളുടെ വിശദവിവരങ്ങൾ **അനുബന്ധം II** ആയി ചേർത്തിരിക്കുന്നു.<br>**ഭൂജലവകുപ്പ്**<br>ഭൂജല വകുപ്പിനു കീഴിൽ നടത്തിയ പദ്ധതികളുടെ വിശദവിവരങ്ങൾ **അനുബന്ധം III** ആയി ചേർത്തിരിക്കുന്നു.<br>**ജലനിധി**<br>കാസർകോട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു. |

| നിയോജക മണ്ഡലം | പഞ്ചായത്തിന്റെ പേര് | ഏറ്റെടുത്ത കുടിവെള്ള പദ്ധതികൾ | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| കാഞ്ഞങ്ങാട് | ബളാൽ | 27 | 694.11 |
| | കിനാനൂർ-കരിന്തളം | പദ്ധതി ആസൂത്രണ ഘട്ടത്തിലാണ് | |

<table>
<tr><td></td><td></td><td></td><td>
<table>
<tr><td rowspan="3">മഞ്ചേശ്വരം</td><td>പൈവലികെ</td><td>12</td><td rowspan="3">1755.43</td></tr>
<tr><td>മീഞ്ച</td><td>പദ്ധതി ആസൂത്രണ ഘട്ടത്തിലാണ്</td></tr>
<tr><td>പുത്തിഗെ</td><td>46</td></tr>
<tr><td rowspan="2">ഉദുമ</td><td>ദേലംപാടി</td><td>14</td><td rowspan="2">1215.76</td></tr>
<tr><td>പുല്ലൂർ പെരിയ</td><td>6</td></tr>
<tr><td rowspan="2">തൃക്കരിപ്പൂർ</td><td>ഈസ്റ്റ് എളേരി</td><td>1</td><td rowspan="2">397.58</td></tr>
<tr><td>പടന്ന</td><td>8</td></tr>
<tr><td>കാസർകോട്</td><td>ബെല്ലൂർ</td><td>1</td><td>53.60</td></tr>
<tr><td colspan="2">ആകെ</td><td></td><td>4116.48</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>പ്രഖ്യാപിച്ച പദ്ധതികൾ മുഴുവനും നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടപ്പിലാക്കാത്തതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ; പ്രഖ്യാപിച്ച പദ്ധതികളിൽ പ്രവർത്തി തുടങ്ങിയിട്ടും പൂർത്തീകരിക്കാൻ സാധിക്കാത്തവയുണ്ടോ; വിശദമാക്കുമോ?</td><td>(ബി)</td><td><u>കേരള ജല അതോറിറ്റി</u><br>പൂർത്തീകരിക്കാനുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം IV ആയി ചേർത്തിരിക്കുന്നു.<br><br><u>ജലസേചന വകുപ്പ്</u><br>പ്രഖ്യാപിച്ച മുഴുവൻ പദ്ധതികളും പൂർത്തീകരിച്ചിട്ടില്ല. റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്ന് അനുമതി ലഭിച്ച 2 തൂക്കുപാലങ്ങളുടെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല. 13-ാം ധനകാര്യ കമ്മീഷൻ വാട്ടർ സെക്ടർ പ്രവൃത്തികളിൽ 3 എണ്ണം ആവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ നടപ്പാക്കിയിട്ടില്ല.<br>പ്രവൃത്തി തുടങ്ങിയിട്ടുള്ള പദ്ധതികളിൽ എം.ഐ. ക്ലാസ്സ് 1 ഒരു പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല (ബാവിക്കര റഗുലേറ്റർ). ഈ പ്രവൃത്തിയുടെ ഡിസൈനിൽ വ്യത്യാസം വരുത്തി പുതുക്കിയ സാങ്കേതികാനുമതി ലഭിച്ചപ്പോൾ നിലവിലുള്ള കരാറിലെ ഇനങ്ങൾക്ക് വ്യത്യാസം വരുകയും പുതിയ ഇനങ്ങൾ ചേർക്കുകയും വേണ്ടിവന്നു. പുതുക്കിയ സാങ്കേതികാനുമതി പ്രകാരമുള്ള എസ്റ്റിമേറ്റിൽ വന്ന വ്യത്യാസങ്ങൾക്കുള്ള സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കാൻ കരാറുകാരൻ തയ്യാറായില്ല. അതിനാൽ കരാറുകാരനെ പ്രവൃത്തിയിൽ നിന്ന് ഒഴിവാക്കേണ്ടി വന്നു. 27-01-16 ന് ബഹു.ജലവിഭവ വകുപ്പ് മന്ത്രിയുടെ</td></tr>
</table>

| | | | |
|---|---|---|---|
| | | | ചേമ്പറിൽ നടന്ന യോഗ തീരുമാനപ്രകാരം റെഗുലേറ്ററിന്റെ ബാക്കി പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് പുതുക്കിയ റേറ്റിൽ തയ്യാറാക്കി വരുന്നു.<br>**<u>ഭൂജലവകുപ്പ്</u>**<br>പ്രഖ്യാപിച്ച പദ്ധതികളിൽ വരൾച്ച ദുരിതാശ്വാസ പദ്ധതികളിൽപ്പെട്ട ചില പ്രവൃത്തികൾ സമയ പരിധി മൂലം നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.<br>**<u>ജലനിധി</u>**<br>ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ (2012-2017) ഉൾപ്പെടുത്തി കാസർകോട് ജില്ലയിലെ 10 പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന പദ്ധതികൾ വിവിധ ഘട്ടങ്ങളിലാണ്. ഏറ്റെടുത്ത എല്ലാ പദ്ധതികളും പദ്ധതി കാലയളവിനുള്ളിൽത്തന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്